**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 131** **29-01-2024 - ൽ മറുപടിയ്ക്ക്**

**വണ്ടിപ്പെരിയാർ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | വണ്ടിപ്പെരിയാറിൽ കുട്ടിയെ പീഡിപ്പിച്ച കൊലപ്പെടുത്തിയ കേസിൽ പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്ത് നിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായതായി കോടതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | പ്രതിയെ വെറുതെ വിട്ടുകൊണ്ടുള്ള ബഹു.കോടതി വിധിക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്. വീഴ്ച വന്നതായി വിധിയിൽ പരാമർശം ഉണ്ട്. |
| (ബി) | പ്രസ്തുത കേസിൽ പ്രതിയെ രക്ഷപെടുത്താനായി ഉദ്യോഗസ്ഥർ അന്വേഷണത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ബോധപൂർവ്വമായ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടില്ല. |
| (സി) | ഇത്തരത്തിൽ പ്രതികൾക്കെതിരെ നടക്കുന്ന അന്വേഷണത്തിൽ അട്ടിമറികൾ ആവർത്തിക്കുന്നത് കാരണം സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭിക്കാതെ പോകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം ഗൗരവമായി പരിഗണിക്കുന്നുണ്ടോ; ആയത് തടയാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ഇത്തരം കേസുകളിൽ സമഗ്രവും ശാസ്ത്രീയവും പഴുതടച്ചുമുള്ള കാര്യക്ഷമമായ അന്വേഷണവും ഉയർന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടവുമാണ് നടക്കുന്നത്. കേസന്വേഷണത്തിന്റെ ഒരു ഘട്ടത്തിലും എതെങ്കിലും തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിലേക്ക് വേണ്ട ജാഗ്രത പുലർത്തിവരുന്നതുമാണ്. അതിനാൽ തന്നെ അന്വേഷണത്തിൽ അട്ടിമറി ഉണ്ടാകുന്ന സ്ഥിതി സംസ്ഥാനത്ത് ഇല്ല. |

സെക്ഷൻ ഓഫീസർ